# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6112 07.11.2016 ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ കർഷകരുടെ പ്രശ്നങ്ങൾ**

| ചോദ്യം<br>**ശ്രീ.കെ.കൃഷ്ണൻകുട്ടി** | | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
|---|---|---|---|
| എ) | പാലക്കാട് ജില്ലയിലെ കരിമ്പ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെങ്കിലും നിവേദനങ്ങളോ പരാതികളോ സമർപ്പിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. നിവേദനം വിശദമായി പരിശോധിച്ച് റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷിവകുപ്പ് മന്ത്രി പാലക്കാട് സന്ദർശിച്ച വേളയിൽ കരിമ്പ് കർഷകരുടെ പ്രത്യേക യോഗം ചേർന്ന് പ്രശ്നങ്ങൾ ചർച്ചചെയ്യുകയുണ്ടായിട്ടുണ്ട്. |
| ബി) | കരിമ്പ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | ആത്മയുടെ ജില്ലാപ്രോജക്ട് ഡയറക്ടർ മുഖേന കരിമ്പ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായുള്ള പ്രോജക്ടുകൾ ആത്മ പദ്ധതിയുടെ ജില്ലാതലത്തിലെ ഡിസ്ട്രിക് സ്പെസിഫിക് ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തി പരിഹാരം കാണാവുന്നതാണ്. |
| സി) | പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലകളിലെ തെങ്ങുകൾക്ക് വൻ തോതിൽ കാറ്റുവീഴ്ച രോഗം ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാറ്റു വീഴ്ചയുടെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് കാർഷിക സർവ്വകലാശാല, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നിരവധി പരിശീലന പരിപാടികൾ 2006 മുതൽ നടത്തി വരുന്നു. |
| ഡി) | കാറ്റുവീഴ്ച രോഗം മൂലം പൂർണ്ണമായും വരുമാനം നിലച്ച കിഴക്കൻ മേഖലയിലെ കേരകർഷകർക്കായി പ്രത്യേക പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ? | ഡി) | പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഈ വർഷം മുതൽ ചിറ്റൂർ കൃഷി അസിസ്റ്റന്റ് ഡയറകടറുടെ കീഴിലുള്ള പെരുമാട്ടി, കൊഴിഞ്ഞാമ്പാറ എന്നീ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നൽകുന്നുണ്ട്. |

S. [signature]

**സെക്ഷൻ ഓഫീസർ**